കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

E-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി10/1336/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

തീയതി:14.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

<u>വിഷയം :</u>
കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

**3) കാര്യാലയ പകർപ്പ്**

നം. കെ.എസ്.എ-പികെഡി10/1336/2019 തിയ്യതി: 14.01.2020

## പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-1-2019 മുതൽ തിയതി 18-8-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-8-2019 മുതൽ 30-8-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.എൻ.സുമേഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.സി.ഹരിഗോബിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |
| ശ്രീ.എ.കെ.ജിജീഷ് | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കവിതാ മാധവൻ | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ.എൻ.എം.ഹസ്സൻ | 1-4-2018 മുതൽ 31-3-2019 |

| | | |
|---|---|---|
| | മുഹമ്മദ് | വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. രോഷ്നി എൻ.ഐ | 1-4-2018 മുതൽ 28-10-2018 വരെ |
| | ശ്രീമതി. നീരജ ഉണ്ണി | 29-10-2018 മുതൽ 31-3-2019 വരെ |
| വി.ഇ.ഒ - 1 | ശ്രീ. ദിലീപ്.കെ | 1-4-2018 മുതൽ 31-3-2019 വരെ |
| വി.ഇ.ഒ - 2 | ശ്രീ. ദിലീപ്.കെ | 1-4-2018 മുതൽ 19-4-2018 വരെ |
| | ശ്രീ. സുവിൻ.എസ് | 20-4-2018 മുതൽ 22-10-2018 വരെ |
| | ശ്രീ. ദിലീപ്.കെ | 23-10-2018 മുതൽ 18-12-2018 വരെ |
| | ശ്രീമതി. കവിത.എ | 19-12-2018 മുതൽ 05-2-2019 വരെ |
| | ശ്രീ. ദിലീപ്.കെ | 06-2-2019 മുതൽ 12-3-2019 വരെ |
| | ശ്രീമതി. അഞ്ചു.എ | 13-3-2019 മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശാന്ത സി.ജി | 1-4-2018 മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ബിനേഷ്.എം | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ഷീന സ്റ്റാർലിൻ | 1-4-2018 മുതൽ 4-4-2018 വരെ |
| | ഡോ. ജിമിൽ ഫ്രാൻസിസ് | 5-4-2018മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ധന്യ മാധവ് | 1-4-2018 മുതൽ 14-6-2018 വരെ |
| | ഡോ.മഹേഷ്.എ.കെ | 15-6-2018 മുതൽ 30-9-2018 വരെ |
| | ഡോ.ടി.ഗിരീഷ് കണ്ണൻ | 1-10-2018 മുതൽ 16-2-2019 വരെ |
| | ഡോ.മഹേഷ്.എ.കെ | 17-2-2019 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.മുബാഷീറ.എം | 1-4-2018 മുതൽ 30-4-2018വരെ |
| | ഡോ. ലക്ഷ്മി. ജി. കർത്താ | 1-5-2018 മുതൽ 17-3-2018 FN വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| | ഡോ.മുബാഷീറ.എം | 17-3-2018AN മുതൽ 31-3-2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. അമർലിറ്റി ഐസക്ക് | 1-4-2018 മുതൽ 31-3-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഗ്രെയ്സ് എ തച്ചിൽ | 1-4-2018 മുതൽ 11-7-2018 വരെ |
| | ശ്രീമതി.ശ്യാമ.എം.എ | 12-7-2018 മുതൽ 26-7-2018 വരെ |
| | ശ്രീമതി.പ്രിയ.പി.ബി | 27-7-2018 മുതൽ 13-9-2018 വരെ |
| | ശ്രീ.ജയപ്രകാശ്.സി.സി | 14-9-2018 മുതൽ 31-3-2019 വരെ |
| എച്ച്.എം | ശ്രീമതി. നജീമ. എം | 1-4-2018 മുതൽ 31-3-2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.രാധിക. കെ | 1-4-2018 മുതൽ 10-12-2018 വരെ |
| | ശ്രീ.മുനവർ അബ്ദുൾ ഹമീദ് | 11-12-2018 മുതൽ 3-2-2019 വരെ |
| | ശ്രീ.ഷാജി ഡാനിയേൽ.വി | 4-2-2019 മുതൽ 31-3-2019 വരെ |

## ഉള്ളടക്കം

### ഭാഗം 1

### ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ബജറ്റ് നടപടിക്രമങ്ങൾ | 1-10 |
| 11 | വസ്തുനികുതി അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-11 |

| | | |
|---|---|---|
| 12 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-12 |
| 13 | റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്. | 1-13 |
| 14 | ദുരിതാശ്വാസ നിധിയുടെ സാധ്യത പരിശോധിക്കേണ്ടതാണ് | 1-14 |
| 15 | ജലഅതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത പരിശോധിക്കേണ്ടതാണ് | 1-15 |
| 16 | ഡെപ്പോസിറ്റ് വർക്കിനായി അനുവദിച്ച തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-16 |
| 17 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -അർഹമായ തുക മുഴുവനായും നൽകുന്നില്ല.. | 1-17 |
| 18 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 1-18 |
| 19 | ബാലസഭാ പ്രവർത്തനങ്ങൾ - 27400 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 20 | ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം | 1-20 |
| 21 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടില്ല | 1-21 |
| 22 | അങ്കണവാടികൾക്കായി കേന്ദ്ര ധനസഹായം - നീക്കിയിരിപ്പ് വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. | 1-22 |
| 23 | അഗതിരഹിത കേരളം ഭവനപുനരുദ്ധാരണം - പൂർത്തീകരിക്കേണ്ടതാണ് | 1-23 |
| 24 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്. | 1-24 |
| 25 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നടപ്പിലാക്കിയ പ്രോജക്റ്റിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-25 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-26 |
| 27 | മമ്പാട് ഗ്യാസ് ക്രിമറ്റോറിയം - പ്രവൃത്തിയുടെ പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 28 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി നൽകിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-28 |
| 29 | അഗതി രഹിത കേരളം പദ്ധതികൾക്ക് ജില്ലാ | 1-29 |

| | | |
|---|---|---|
| | പഞ്ചായത്ത് വിഹിതം വകയിരുത്തിയില്ല | |
| 30 | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നിർവ്വഹിച്ചിട്ടില്ല. | 1-30 |
| 31 | വിവിധ പദ്ധതികളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-31 |
| 32 | ഗ്രാമ പഞ്ചായത്തിലെ ലൈഫ് മിഷൻ - അവലോകനം | 1-32 |
| 33 | ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-33 |
| 34 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽ വില ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 87421 രൂപയുടെ നഷ്ടം | 1-34 |

## ഭാഗം-II

-ഒന്നുമില്ല-

## ഭാഗം-III

-ഒന്നുമില്ല-

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27-03-2018 തീയതിയിലെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | പ്രതീക്ഷിത വരവ് | ആകെ | പ്രതീക്ഷിത ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 22405542.00 | 113937236 | 136342778 | 128277234.00 | 8065544 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2019 | 15-05-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8065544 |
| വരവ് | 168073252 |
| ആകെ | 176138796 |
| ചെലവ് | 146647459 |
| നീക്കിയിരിപ്പ് | 29491337 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 31148942 | 31148942 | 31148942 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11518000 | 11518000 | 11477084 | 40916 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 888000 | 888000 | 774844 | 113156 |
| മെയിന്റനൻസ്, | 0 | 23425000 | 23425000 | 23425000 | |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് | | | | | | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 6249000 | 6249000 | 6249000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 16329993 | 16329993 | 14457000 | 1872993 |
| കെ.എൽ.എസ്. ജി.ഡി.പി | | 0 | 0 | 0 | 0 | 0 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 34488199 | 34488199 | 34488199 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 788 | 678448 | 679236 | 671317 | 7919 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടി.എസ്.സി | 45691 | 1620 | 47311 | 0 | 47311 |
| | ഐ.സി.ഡി.എസ് | 1496164 | 1275518 | 2771682 | 1123907 | 1647775 (ഈ തുകയിൽ 613900 J/V A/c-ലാണ്) |
| | ഐ.എ.വൈ | 500000 | 0 | 500000 | 0 | 500000 |
| | ബി.ആർ.ജി.എഫ് | 46610 | 0 | 46610 | 0 | 46610 |
| | ഹരിയാലി | 51261 | 2568 | 53829 | 0 | 53829 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി | 12500 | 0 | 12500 | 12500 | 0 |
| | സാക്ഷരത | 110 | 0 | 110 | 0 | 110 |
| | എസ്.ടി കോർപ്പസ് ഫണ്ട് | 4494 | 555000 | 559494 | 0 | 559494 |
| | ശുചിത്വ മിഷൻ | 0 | 2571546 | 2571546 | 1420000 | 1151546 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് A/C | ബ്ലോക്ക് പഞ്ചായത്ത് | (-) 100000 | 4734441 | 9094816 | 5182551 | 665715(*) |
| | ജില്ലാ പഞ്ചാ | | 3255372 | | 3246550 | |

| | | | | | | |
|---|---|---|---|---|---|---|
| | യത്ത് | | | | | |
| | Redum ption Amount received | | 1205003 | | 0 | |
| ബി ഫണ്ട് | | 0 | 243600 | 243600 | 243600 | 0 |
| തനത് ഫണ്ട് (* * ) | S B T അക്കൗണ്ട് | 2413705 | 10848992 | 13262697 | 7161076 | 6101621 |
| | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കിഴക്കഞ്ചേരി | 2556913 | 1272508 | 3829421 | 3395299 | 434122 |
| | ട്രഷറി അക്കൗണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റുള്ളവ | 1519900 | 33764110 | 35284010 | 14752932 | 20531078 |

(*) - 41445 രൂപ പ്ലാൻ ഫോർമുലേഷന വേണ്ടി തിരികെ നൽകിയ തുക.

രൂപ 613900 , ഐ.ഡി.ഡി.എസ് വരവ് ആണ്.

(* * ) യഥാർത്ഥ തനത് ഫണ്ട് തുകയായി പഞ്ചായത്ത് ലഭ്യമാക്കിയ തുകയാണ് ചേർത്തിരിക്കുന്നത്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 296 | 209391274 | 213 | 127491574 | - | 83 | 72 |

അംഗീകാരം വാങ്ങിയ ആകെ പ്രൊജക്ടുകളുടെ 72% എണ്ണം പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 61% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | കളുടെ എണ്ണം | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 6 | 17055250 | 7550650 | 44 |
| വെറ്ററിനറി സർജൻ | 11 | 7 | 5034750 | 1211999 | 24 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 6 | 892024 | 779485 | 87 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 400000 | 400000 | 100 |
| വി.ഇ.ഒ | 17 | 11 | 87397520 | 43839200 | 50 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 4850895 | 3505512 | 72 |
| എച്ച്.എം | 9 | 6 | 3292295 | 2843395 | 86 |
| സെക്രട്ടറി | 32 | 22 | 12052286 | 9636043 | 80 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 182 | 134 | 71696174 | 52599266 | 73 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1867000 | 1867000 | 100 |
| അസി.സെക്രട്ടറി | 17 | 10 | 4653080 | 3059024 | 66 |
| ആകെ | 296 | 213 | 209391274 | 127491574 | 61 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 788 | 678448 | 679236 | 671317 | 7919 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34488199 | 34488199 | 34488199 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 243600 | 126 |
| കർഷകതൊഴിലാളി പെൻഷൻ | 17322000 | 4262 |
| വിധവാപെൻഷൻ | 19004600 | 4478 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 30747900 | 7548 |
| വികലാംഗപെൻഷൻ | 5293300 | 1231 |
| അവിവാഹിത പെൻഷൻ | 611500 | 148 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-08-2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10394 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-08-2019 | 07/2019 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-09-2018 മുതൽ 01-10-2018 വരെ | 2013-14 മുതൽ 2017-18 വരെ | 07-11-2018<br>റിപ്പോർട്ട് നം. എൽ.ബി.എ (എച്ച്.ക്യു)III/II/8A-104/2018-19/264 തീ-25-10-2018 |

# 1-10 ബജറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 അനുശാസിക്കുന്ന ബജറ്റ് തയ്യാറാക്കലും അനുമതി നൽകലും എന്ന ചട്ടപ്രകാരവും, കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ {ജി.ഒ (ആർ.ടി) നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം പുറപ്പെടുവിച്ചത്} മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവുമുള്ള നിർദേശങ്ങളും കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് പാലിച്ചിട്ടില്ല എന്ന് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ബജറ്റിനു മുൻപ്,പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർക്കേണ്ടതാണ്. ആയത് വിളിച്ചു ചേർത്തതിന് രേഖയില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനവരി 22 ന മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായും കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ

സമർപ്പിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാർഷിക ബജറ്റിൽ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ഇത് ഇടയാക്കുന്നു. എല്ലാ ഘടക സ്ഥാപനങ്ങളുടേയും ആവശ്യകത വിലയിരുത്തി മാത്രം ബജറ്റ് തയ്യാറാക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിനായി ബജറ്റ് മാന്വലിൽ സൂചിപ്പിച്ച സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-11 വസ്തുനികുതി അപാകതകൾ പരിഹരിക്കേണ്ടതാണ്

എ)വസ്തുനികുതി കുടിശ്ശിക- സഞ്ചയയിലും വാർഷിക ധനകാര്യപത്രികയിലുമുള്ള വ്യത്യാസം ക്രമീകരിക്കേണ്ടതാണ്

സഞ്ചയ, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം 2018-19 വർഷാവസാനം പിരിച്ചെടുക്കാനുള്ള വസ്തുനികുതി കുടിശ്ശിക തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| വസ്തുനികുതി | A F S പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|
| കറന്റ് | 20551 | 306976 | 286425 |
| അരിയർ | 47352 | 210421 | 163069 |
| | ആകെ വ്യത്യാസം | | 4,49,494/- |

2018-19 വർഷത്തെ വസ്തുനികുതി കുടിശ്ശിക തുക വാർഷിക ധനകാര്യ പത്രിക പ്രകാരം 67903/- രൂപയും സഞ്ചയ പ്രകാരം 5,17,397 രൂപയുമാണ്. 4,49,494 രൂപയുടെ വ്യത്യാസം കാണുന്നു. മേൽ അപാകത 2019-20 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം-16, തിയ്യതി 29.8.19 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

ബി)വസ്തുനികുതി പിരിവ് കാര്യക്ഷമമാകേണ്ടതാണ്

2018-19 സാമ്പത്തിക വർഷാവസാനം സഞ്ചയ പ്രകാരം 5,17,397 രൂപ കുടിശ്ശിക തുകയായി നില നിൽക്കുന്നു. കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി)മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക തുക ഈടാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ താഴെ കെടുക്കുന്നു.കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | ഉടമയുടെ പേര് | നിർണ്ണയിച്ച വസ്തുനികുതി | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 10/344 | ബി എസ് എൻ എൽ | 7,552 | 45,312/- |
| 2 | 16/337 | ഇന്ത്യ ടെലികോം ഇൻഫ്രാ | 8,085 | 40,42/- |
| 3 | 16/374 | ബി എസ് എൻ എൽ | 9,450 | 56,700/- |
| 4 | 21/160 | ബി എസ് എൻ എൽ | 5,880 | 35280/- |
| 5 | 10/589 | ബി എസ് എൻ എൽ | 7,875 | 47,250/- |
| | | | ആകെ | 1,88,584 |

ബി എസ് എൻ എൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നതിനായി ആർ ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം-16, തിയ്യതി 29.8.19 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

വസ്തുനികുതി അസസ്സ്മെന്റ്, ഡിമാന്റ്, പിരിവ് എന്നീ നടപടിക്രമങ്ങളിലെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതും ആവശ്യമായ തുടർ നിർദ്ദേശങ്ങൾ നൽകേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-12 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2018-19 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

(എ) ക്വാറികൾ/ക്രഷറുകൾ, പഞ്ചായത്ത് ലൈസൻസ് അനുവദിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുണ്ടെങ്കിൽ ടി സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

(1) 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു. പുതുതായി സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോളും ലൈസൻസ് പുതുക്കുമ്പോളും അത്തരം സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരുണ്ടെങ്കിൽ അവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതും അത്തരം സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.പഞ്ചായത്ത് തൻവർഷം തയ്യാറാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | പെന്റാ ഗ്രാനൈറ്റ്സ് ക്രഷർ & ക്വാറി | 10 |
| 2 | കൊട്ടുകാപ്പള്ളി സാന്റ് & മെറ്റൽസ് | 9 |
| 3 | ജാക്സ് ടെലി സർവ്വീസസ് | 5 |
| 4 | യുണൈറ്റഡ് ഫെർട്ടിലൈസേഴ്സ് | 6 |
| 5 | യൂണിവേഴ്സൽ ട്രേഡേഴ്സ്- (വാർഡ്-10) | 5 |
| 6 | സൂപ്പർ വൺ കറി | 9 |

| | | |
|---|---|---|
| | പൗഡർ(വാർഡ്-21) | |
| 7 | അമർ ക്രഷർ മെറ്റൽസ് | 5 |
| 8 | ജീ സീ ഭാരത് ഗ്യാസ് | 6 |

ബി)<u>ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്</u>

പഞ്ചായത്ത് പരിധിയിൽ 6 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2 ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. താഴെ പറയുന്ന ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1. മമ്പാട് ക്ഷീരോൽപ്പാദക സഹകരണ സംഘം
2. മേനോൻതരിശ് ക്ഷീരോൽപ്പാദക സഹകരണ സംഘം
3. ചെറുകുന്നം ക്ഷീരോൽപ്പാദക സഹകരണ സംഘം
4. വാൽക്കുളമ്പ് ക്ഷീരോൽപ്പാദക സഹകരണ സംഘം

സി) <u>തൊഴിൽനികുതി കുറവായി ഈടാക്കി</u>

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും ബാധകമായതിലും കുറവായാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. കുറവു വന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം (അർദ്ധ വർഷം) | ജീവനക്കാരൻ | അർദ്ധ വാർഷിക വരുമാനം | ഡിമാന്റ് ചെയ്ത തുക | ഈടാ ക്കേണ്ടത് | കുറവ് | ഡിമാന്റ് രജിസ്റ്റർ പേജ് നം. |
|---|---|---|---|---|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, കിഴക്കഞ്ചേരി (1) | എം.ദേവകിക്കുട്ടി | 77856 | 600 | 750 | 150 | 52 |
| 2 | പോസ്റ്റ് ഓഫീസ്, കിഴക്കഞ്ചേരി (1) | കെ.ഭാസ്കരൻ | 77856 | 600 | 750 | 150 | 52 |
| 3 | സെന്റ് ഫ്രാൻസിസ് സ്കൂൾ, വടക്കുംപാടം (1) | കബീർ(ക്രമ നം -76) | 71064 | 600 | 450 | 150 | 32 |
| 4 | പോസ്റ്റ് ഓഫീസ്, കിഴക്കഞ്ചേരി (1) | ദ്രശ്യ | 76158 | 750 | 600 | 150 | 54 |
| 5 | പോസ്റ്റ് ഓഫീസ്, കിഴക്കഞ്ചേരി (2) | ദ്രശ്യ | 94380 | 750 | 600 | 150 | 54 |
| | | | | ആകെ | | | 750/- |

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ക്വാറികൾ, ക്ഷീര സഹകരണ സംഘങ്ങൾ, തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയെ സ്ഥാപനരജിസ്റ്ററിൽ ചേർക്കേണ്ടതും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.
2. തൊഴിൽ നികുതി റിട്ടേണുകളുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടതാണ്.

# 1-13 റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളൊന്നും ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു. മേൽ വിഷയം 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ 2018-19 വർഷത്തിലും ലൈസൻസ് എടുത്തിട്ടില്ല.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 15 റേഷൻ കടകൾ ലൈസൻസ് എടുക്കാത്തതു സംബന്ധിച്ച് താലൂക്ക് സപ്ലൈ ഓഫീസർക്കും, റേഷൻ കട ഉടമകൾക്കും കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം-7 തിയ്യതി 27-8-19 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

# 1-14 ദുരിതാശ്വാസ നിധിയുടെ സാധ്യത പരിശോധിക്കേണ്ടതാണ്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ വസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര സന്ദർഭങ്ങളിൽ ധനസഹായമെത്തിക്കുന്നതിനു വേണ്ടി ഓരോ ഗ്രാമപഞ്ചായത്തിലും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കുന്നത് നല്ലതായിരിക്കുമെന്ന് സർക്കാർ കരുതുന്നു. ധനശേഖരണാർത്ഥമുള്ള കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി ആരംഭിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒരു അക്കൗണ്ട് സൂക്ഷിച്ചുപോരേണ്ടതാണ്. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധിയുടെ സാദ്ധ്യത ഭരണസമിതി ചർച്ച ചെയ്യേണ്ടതാണ്(ഓഡിറ്റ് അന്വേഷണം-8, 26.8.19)

# 1-15 ജലഅതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത

# പരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ജലഅതോറിറ്റിയുടെ കീഴിലുള്ള 372 പൊതു ടാപ്പുകൾ നിലവിലുണ്ട്. വെള്ളക്കരം ഇനത്തിൽ പ്രതിമാസം 162750/- രൂപ തനത് ഫണ്ടിൽ നിന്നും ജല അതോറിറ്റിക്ക് ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. ഇപ്രകാരം ഗ്രാമപഞ്ചായത്ത് പ്രതിവർഷം 1953000/- രൂപ ഈ ഇനത്തിൽ ചെലവഴിക്കുന്നുണ്ട്.

പൊതു ടാപ്പുകളുടെ കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലല്ല വെള്ളക്കരം ഒടുക്കി വരുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയത്തിന്മേൽ ആവശ്യമായ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും വീടുകൾക്ക് സബ്സിഡി അനുവദിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനോ, എല്ലാ പ്രദേശത്തും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതു ടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനോ മുൻവർഷത്തെ അപേക്ഷിച്ച് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.17, തിയ്യതി - 29-8-2019) മറുപടിയിൽ, ജല അതോറിറ്റിയുമായി സയുക്ത പരിശോധന നടത്തി എത്രയും പെട്ടെന്ന് വെള്ളക്കരം കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 ഡെപ്പോസിറ്റ് വർക്കിനായി അനുവദിച്ച തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി താഴെ പറയുന്ന പ്രൊജക്ടിനായി ഡെപ്പോസിറ്റ് വർക്കിലുൾപ്പെടുത്തി തുക നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നം. | S0327/19 |
| പേർ | പട്ടികവർഗ്ഗ കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ |
| അടങ്കൽ | 1,65,000/- (വികസന ഫണ്ട് - ടി.എസ്.പി) |
| ബിൽ നം./ | ചെലവ് |

| | |
|---|---|
| തിയ്യതി | |
| 13/18-19/28/3/2019 | 1,63,844/- |

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള വാർഡ് 17ലെ കവിളുപ്പാറ, കൊടുബാല എന്നീ കോളനികൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കുവാനായി താഴെ പറയുന്ന രീതിയിൽ കെ.എസ്.ഇ.ബി യിലേക്ക് തുകകൾ 26.03.2019 ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

| തുക കൈപ്പറ്റിയ സ്ഥാപനം | അക്കൗണ്ട് നം. | തുക |
|---|---|---|
| കെ.എസ്.ഇ.ബി.<br>ആലത്തൂർ, ഇലക്ട്രിക്കൽ സബ്ഡിവിഷൻ | 00000067058414065 | 1,63,844/- |

ആലത്തൂരിലെ കെ.എസ്.ഇ.ബി.യുമായി ഗ്രാമ പഞ്ചായത്ത് ചമച്ച കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവിനെ കുറിച്ചുള്ള വിശദവിവരങ്ങൾ വ്യക്തമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം

2018 ലെ പ്രളയവുമായി ബന്ധപ്പെട്ട ആവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതക്കുറവ് മൂലം പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.സാധന സാമഗ്രികൾ മുൻഗണനയനുസരിച്ച് ലഭ്യമാവുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തിയാക്കുന്നതാണെന്ന് K.S.E.B. അറിയിച്ചിട്ടുള്ളതായി അസിസ്റ്റന്റ് സെക്രട്ടറി രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്. (22.8.19ലെ അന്വേഷണ നം.4)

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കെ.എസ്.ഇ.ബിയുമായി ചമച്ച കരാർ പൂർണ്ണമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഡെപ്പോസിറ്റ് വർക്ക് പ്രവൃത്തി പൂർത്തിയായെങ്കിൽ നൽകിയ തുകയ്ക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.
3. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കിയിലെങ്കിൽ തുക തിരികെ ഈടാക്കേണ്ടതാണ്.

തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -അർഹമായ തുക മുഴുവനായും നൽകുന്നില്ല

പ്രൊജക്ട് നമ്പർ -37/2019ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥ- ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ

അടങ്കൽ – 600000

ചെലവ് – 512600

വികസന ഫണ്ട് -312600 (ബിൽ നം.5/18-19 തിയ്യതി 21/12/19), ബ്ലോക്ക് പഞ്ചായത്ത്-100000 (ചെക്ക്.നം-7600591/തിയ്യതി-11/03/19), ജില്ലാ പഞ്ചായത്ത് 100000(7600592/ തിയ്യതി-11/03/19)

മേൽ പ്രോജക്ട് നടപ്പിലാക്കിയതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്ന

14-2-18 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 22/18തസ്വഭവ, ഖണ്ഡിക 7.1.6 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, വസ്ത്രം, ഉല്ലാസയാത്ര ഇനങ്ങളിലായി മൊത്തം 28500 രൂപ പ്രതിവർഷം അനുവദിക്കാവുന്നതാണ്. എന്നാൽ കിഴക്കഞ്ചേരി പഞ്ചായത്തിൽ 2018-19 വർഷം ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് അർഹമായ തുകയുടെ പകുതി മാത്രമാണ് ഏതാണ്ട് 15500/- രൂപ സ്കോളർഷിപ്പായി നൽകിയിട്ടുള്ളത്. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാനും ഉത്തരവ് പ്രകാരം ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പും, യാത്രാബത്തയും നൽകുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിനും വിഷയം ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-18 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത് / ചെലവഴിച്ചത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|
| 182 | 134 | 74% |
| 71696174 | 52599266 | 73% |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 74% പ്രൊജക്ടുകൾക്ക് തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 73% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

നടപ്പിലാക്കിയ 134 പദ്ധതികളിൽ 116 പദ്ധതികളും റോഡ് പ്രവൃത്തികളാണ്. ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ). നം.11/2018ത.സ്വ.ഭ.വ. തിയതി, 29.1.2018ൽ നിഷ്കർഷിക്കുന്നുണ്ട്. കൃത്യമായ കണക്ടിവിറ്റി മാപ്പ് ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു. അസംഖ്യം ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രവൃത്തികൾ വെട്ടിക്കുറച്ച് ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവുന്നില്ല.

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. അംഗീകാരം ലഭിച്ച134 പദ്ധതികൾ നടപ്പിലാക്കിയതിൽ 16 (12%) പ്രൊജക്ടുകൾ മാത്രമാണ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി വിഭാവനം ചെയ്തിട്ടുള്ളത് . ഇതിൽ 8 പദ്ധതികളാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്.

പദ്ധതികളുടെ ബാഹുല്യവും കുറഞ്ഞ അടങ്കൽ തുകയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതും വഴി ഘടക സ്ഥാപനങ്ങളുടെ സംരക്ഷണത്തിനുള്ള പ്രൊജക്ടുകൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ്.
2. നാറ്റ്പാക് (National Transportation Planning and Reseach Centre) നിർദ്ദേശിച്ചിട്ടുള്ള അളവ് പ്രകാരം ആവശ്യമായ പ്ലാസ്റ്റിക് റോഡിൽ ചേർത്താണ് റോഡ് ടാറിംങ് പ്രവൃത്തികൾ ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3. നിർമ്മാണ പ്രവൃത്തി നടക്കുന്ന സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡിൽ കരാറുകാരന്റേയും എഞ്ചിനിയറുടേയും പേർ സഹിതം പ്രവൃത്തി സംബന്ധിച്ച മുഴുവൻ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
4. ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരണ്ടിയോടുകൂടി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-19 ബാലസഭാ പ്രവർത്തനങ്ങൾ - 27400 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നം - 114/19

അടങ്കൽ - 62000 (വികസന ഫണ്ട് - ജനറൽ)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

ബാലസഭാ പ്രൊജക്ടിന്റെ അടിസ്ഥാനത്തിൽ ബിൽ നം. - 9/19-1-2019 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 62000 രൂപ കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.201601011000871, വിജയാ ബാങ്ക്) 23-1-2019 – ന് കൈമാറിയിട്ടുണ്ട്. മേൽ തുകയിൽ 34600 രൂപയുടെ ചെലവു വൗച്ചറുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന ഓഡിറ്റ് നിരീക്ഷണങ്ങളിലേക്കും നിർദ്ദേശങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.

- 2018-19 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ തിയ്യതി-14-2-2018 പ്രകാരം ബാലസഭ പ്രൊജക്ടിന് വാർഡ് ഒന്നിന് 1000 രൂപയും പഞ്ചായത്ത് തല പ്രവർത്തനത്തിന് 40000 രൂപയും ആണ് ചെലവഴിക്കാവുന്ന പരമാവധി തുക. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 22 വാർഡിലേയ്ക്കായി 22000 രൂപയും പഞ്ചായത്ത്തല പ്രവർത്തനങ്ങൾക്ക് 40000 രൂപയുമായി ആകെ 62000 രൂപ വകയിരുത്തി. വാർഡുകൾക്ക് നൽകിയതിൽ 18 വാർഡുകൾക്ക് നൽകിയ 18000 രൂപയും പഞ്ചായത്ത്തല പ്രവർത്തനങ്ങളുടെ 9400 രൂപയും ചേർത്ത് ആകെ 27400 രൂപയുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
- വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം13, തിയ്യതി - 27-8-2019 ന്റെ മറുപടിയിൽ. "ബാക്കി തുക 27400 – ൽ വാർഡുതല ബാലസമിതി യോഗം ചേർന്നിട്ടുള്ളതും പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമാണ്. ചെലവു സംബന്ധിച്ച രേഖകൾ വാർഡിൽ നിന്നും ലഭിക്കുന്നതിന് കാലതാമസം നേരിട്ടതുമാണ്." എന്നാണ് അറിയിച്ചിട്ടുള്ളത്.

* കുടുംബശ്രീയ്ക്ക് നൽകിയ 62000 രൂപയിൽ ചെലവഴിച്ച 34600 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഉദ്ദേശം | ചെക്ക് നം./ തിയ്യതി | തുക |
|---|---|---|---|
| 1 | പഠന യാത്ര -വാഹന വാടക | 38031/1-6-2019 | 13000 |
| 2 | പഠനയാത്ര ഭക്ഷണ ചെലവ് | 38032/4-6-2019 | 7000 |
| 3 | ബാലസഭാ പ്രോഗ്രാം, ബാല പാർലമെന്റ് - ഭക്ഷണ ചെലവ് | 38038/6-7-2019, 38045/19-8-2019 | 2750+2200 |
| 4 | മൈക്ക്, ചെയർ, ബാനർ, മറ്റു ചെലവുകൾ | 38039/6-7-2019, 38046/19-8-2019 | 5150 +500 |
| 5 | ബാലസമിതി ചെലവുകൾ - വാർഡ് 2 | 38041/19-8-2019 | 1000 |
| 6 | ബാലസമിതി ചെലവുകൾ - വാർഡ് 9 | 38042/19-8-2019 | 1000 |
| 7 | ബാലസമിതി ചെലവുകൾ - വാർഡ് 21 | 38043/19-8-2019 | 1000 |
| 8 | ബാലസമിതി ചെലവുകൾ - വാർഡ് 20 | 38044/19-8-2019 | 1000 |
| ആകെ | | | 34600/- |

* ബാലസഭാ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ വാർഷിക പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയക്രമങ്ങൾ പാലിക്കുന്നതിനും അതിലെ നിർദ്ദേശപ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥന്റെ മേൽനോട്ടം ഉണ്ടാവേണ്ടതാണ്.

* സംസ്ഥാനതല നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

* ഓഡിറ്റ് വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ട്രഷറിയിൽ നിന്നും പിൻവലിച്ച വികസന ഫണ്ട് കുടുംബശ്രീയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയതിൽ അവശേഷിക്കുന്ന 27400 രൂപയുടെ ചെലവു രേഖകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക സഞ്ചിതനിധിയിലേക്ക് തിരികെ അടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം-

# അവലോകനം

2018-19 സാമ്പത്തിക വർഷത്തിൽ കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 43 അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയിൽ 43വർക്കറും, 43ഹെൽപ്പറും സേവനമനുഷ്ഠിച്ച് വരുന്നുണ്ട്. ഇവയിൽ 2 ഹെൽപ്പർ താല്ക്കാലിക അടിസ്ഥാനത്തിലാണ് സേവനം അനുഷ്ഠിച്ച് വരുന്നത്. 2018-19സാമ്പത്തിക വർഷത്തിൽ അങ്കണവാടികളുടെ വനിത ശിശു വികസന വർക്കിംഗ് ഗ്രൂപ്പ് ഒരു തവണ 22/10/2018 ൽ ചേർന്നിട്ടുണ്ട്. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് യോഗ മിനുട്സ് പരിശോധിച്ചതിൽ നിന്നും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ താഴെ പറയുന്ന നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് :

1. അങ്കണവാടികൾക്ക് സ്ഥലം ഇല്ലാത്തവർക്ക് സ്ഥലം വാങ്ങി കെട്ടിടം ഉണ്ടാക്കുക.
2. കോട്ടേക്കുളം, വാൽകുളമ്പ് എന്നീ അങ്കണവാടികൾ പുതുക്കി പണിയണം.

മേൽ സൂചിത തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അങ്കണവാടികൾക്ക് താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 15 |
| 2 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | 43 |
| 3 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | ഇല്ല. |
| 4 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | ഇല്ല. |
| 5 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 12 |
| 6 | ഫാൻ ഇല്ലാത്തവ | 13 |
| 7 | ബേബി ഫ്രണ്ടലി ടോയ് ലറ്റ് ഇല്ലാത്തവ | 43 |
| 8 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 16 |
| 9 | ചുറ്റ് മതിൽ ഇല്ലാത്തവ | 23 |
| 10 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 15 |
| 11 | ധാന്യ സംഭരണികൾ ഇല്ലാത്തവ | ഇല്ല. |
| 12 | വാടക കെട്ടിടത്തിലുള്ള സെന്ററുകളുടെ എണ്ണം | 9 |
| 13 | ശൗചാലയം ഇല്ലാത്ത വാടകയ്ക്കെടുത്ത കെട്ടിടം | 6 |
| 14 | സ്ഥലം കിട്ടി കെട്ടിടം പണിയാത്തത് | 3 |

ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ.

പ്രൊജക്റ്റിൽ സൂചിപ്പിച്ച പ്രാരംഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധനയിൽ നിന്നും 7/02/2019 ലെ അജണ്ട -2 ൽ ഉൾപ്പെടുത്തി താഴെ പറയും നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് :

1)സ്ഥലം കിട്ടിയ അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിന് ഫണ്ട് വകയിരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.
2. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, ചുറ്റുമതിൽ എന്നിവയുടെ കേടുപാടുകൾ തീർത്ത് പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.
3. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്ക് എടുക്കുവാൻ പാടുള്ളൂ.
4. വൈദ്യുത കണക്ഷൻ ഇല്ലാത്തതും, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റും, ഫാനില്ലാത്തതുമായ അങ്കണവാടികൾക്ക് ആയത് ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.
5. ചില അങ്കണവാടികളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സ്റ്റീൽ റാക്കും, സ്റ്റീൽ അലമാരകളും ആവശ്യമാണെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഓഡിറ്റ് വേളയിൽ വ്യക്തമാക്കിയിരുന്നു. പ്രസ്തുത സജ്ജീകരണങ്ങൾ ഒരുക്കുവാൻ അനന്തര നടപടികൾ പഞ്ചായത്ത് തലത്തിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തി ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുവാനുള്ള പരിഹാര നടപടികൾ സമയബന്ധിതമായി സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-21 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടില്ല

2018-19 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം പഞ്ചായത്തോഫീസിനും തുടർ വിദ്യാകേന്ദ്രത്തിനും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 86083 രൂപ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല എന്ന ബോധ്യപ്പെട്ടു. തുടർ വിദ്യാകേന്ദ്രത്തിന് ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും ഒരു യു.പി.എസും പഞ്ചായത്തിലേയ്ക്ക് ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും വാങ്ങുന്നതിനാണ് പ്രൊജക്റ്റുകൾ ആവിഷ്കരിച്ചിട്ടുള്ളത്. പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| | തുടർ വിദ്യാകേന്ദ്രത്തിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ | പഞ്ചായത്തോഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ |
| പ്രൊജക്ട് നം. | 352/19 | 354/19 |
| അടങ്കൽ | 60000 | 50000 |
| ഫണ്ടിനം | 48000 – സംരക്ഷണ ഗ്രാന്റ് (റോഡിതരം) + 12000- തനത് ഫണ്ട് | 12205 – വികസന ഫണ്ട് (ജനറൽ) + 29054 – തനത് ഫണ്ട് |
| ചെലവ് | 44824 - സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 12205 – വികസന ഫണ്ട് (ജനറൽ) + 37795 – തനത് ഫണ്ട് |
| ബിൽ/ചെക്ക് നം./തിയ്യതി/ തുക | 37/17-03-19/44824 | 38/26-03-19/12205, 2122440/14-03-19/29054 |
| പ്രൊഫോർമ ഇൻവോയിസ് നം./തിയ്യതി/ തുക | TVM/ITBG/PI/RC/6217/17-18, dt-23-02-19, 82518/- (2 Desktops),<br>TVM/ITBG/PI/RC/6216/17-18, dt-25-02-19, 3565/- ( 1 U.P.S) | |

മേൽ തുകകൾ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, 79901140000 3959 എന്ന അക്കൗണ്ടിലേയ്ക്കാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാവുന്നതിന്റെ കാരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.12, തിയ്യതി - 26-08-2019) മറുപടിയിൽ നിരവധി തവണ കത്തു മുഖേനയും, ഫോൺ മുഖാന്തിരവും സ്ഥാപനവുമായി ബന്ധപ്പെട്ടിട്ടുണ്ട് ഉടൻ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുമുണ്ട് എന്നാണ്.

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും എത്രയും പെട്ടെന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 അങ്കണവാടികൾക്കായി കേന്ദ്ര ധനസഹായം - നീക്കിയിരിപ്പ് വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നു.

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക ധന കാര്യപത്രിക(Head code 320100121) പ്രകാരമുള്ള കേന്ദ്ര ധന സഹായത്തിന്റെ സാമ്പത്തിക വിശകലനം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,496,164/- |
| വരവ് | 82,96,547/- |
| ചിലവ് | 81,44,936/- |

| നീക്കിയിരിപ്പ് | 1,647,775/- |
|---|---|

സ.ഉ.നം. 39033/ഡി.സി2/2010 ത.സ്വ.ഭ.വ. 3.9.2010 പ്രകാരം അങ്കണവാടികൾക്കുള്ള പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ നീക്കിയിരിപ്പ് താഴെ പറയുന്ന ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിന് പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു :

1. സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിന്.
2. കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.
3. കുടിവെള്ളം, വൈദ്യുതി മുതലായ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്.
4. കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിന്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-23 അഗതിരഹിത കേരളം ഭവനപുനരുദ്ധാരണം - പൂർത്തീകരിക്കേണ്ടതാണ്

പ്രൊജക്റ്റ് നം - 119/19

അടങ്കൽ - 600000

ഫണ്ടിനം - വികസന ഫണ്ട് - ജനറൽ -500000 & ബ്ലോക്ക് പഞ്ചായത്ത് - 100000

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അഗതിരഹിത കേരളം ഭവന പുനരുദ്ധാരണം എന്ന പ്രൊജക്റ്റ് പ്രകാരം 12 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് 50000 രൂപ 2 ഗഡുക്കളായി ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താവ് ഭവന പുനരുദ്ധാരണത്തിന് ഒന്നാം ഗഡു മാത്രം കൈപ്പറ്റി പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്ന് ചെലവ് രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര് - കല്യാണി മണി

അനുവദിച്ച തുക – 25000 – ചെക്ക് നം - 62871/19.8.19

ബാക്കി അനുവദിക്കേണ്ട തുക – 25000/-

പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടാവാനിടയായ കാരണം, സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷത്തിന് (നം.13

തിയ്യതി - 27-8-2019) മഴക്കെടുതി മൂലമാണ് പൂർത്തീകരിക്കാൻ കഴിയാതിരുന്നത്. സെപ്തംബർ 15 നുള്ളിൽ പൂർത്തീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഭവന പുനരുദ്ധാരണം പൂർത്തീകരിച്ച് തുക കൈമാറി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്

2018-19 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളുടെ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ നിശ്ചയിക്കുന്നതിനായി 4/8/18 നം, 17.12.2018 നം രണ്ട് തവണകൾ മാത്രമേ സാമ്പിളുകൾ ചെന്നൈയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ. പ്രസ്തുത സാമ്പിളുകൾ ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നടപ്പിലാക്കിയ പ്രോജക്റ്റിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

<u>(എ)ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നു വാങ്ങൽ പദ്ധതി നടപ്പാക്കി</u>

പ്രോജക്ട് നം. - (22/2018)

പ്രോജക്ട് പേര് - ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ 4,00,000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ് – 400000/-

ചെലവ് ബിൽ നമ്പർ 1/2018-19 തീയതി-31.10.18

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) 22/2018/തസ്വഭവ തീയതി 14.2.18 ഖണ്ഡിക 7.5.3 പ്രകാരം പ്രകാരം കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പുമുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണചുമതലയുള്ള തദ്ദേശസ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്നു വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് മേൽ പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത്. മേൽ അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

(ബി)മുഴുവൻ മരുന്ന് ലഭ്യമായിട്ടില്ല

മേൽ പ്രോജക്റ്റ് പ്രകാരം ആയുർവേദ ആശുപത്രിക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനായി 4,00,000/- രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്ത് 351996/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 48,004/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുന്ന മുറക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം-10, തിയ്യതി 26-8-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-26 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

എ) കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുതല കെ.എസ്.ഇ.ബി യ്ക്ക് താഴെ പറയുന്ന തുകകൾ നൽകിയിട്ടുണ്ട്. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഏജൻസി - കെ.എസ്.ഇ. ബി

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| പ്രൊജക്ട് നം./പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | നൽകിയ തുക, ഫണ്ടിനം |
|---|---|---|
| 58/19 - തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 8/30-06-2018 | 200000, സംരക്ഷണ ഗ്രാന്റ് - റോഡിതരം |
| | 271006/03-07-2018 | 25144, തനത് ഫണ്ട് |
| 233/19 – വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ | 6/27-6-2018 | 358020, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | | |
|---|---|---|
| | 271011/26-07-2018 | 23450, തനത് ഫണ്ട് |
| ആകെ | | 606614 |

പദ്ധതികളുടെ ഫയലിൽ പൂർത്തീകരണ വിവരം ലഭ്യമല്ല. കെ.എസ്.ഇ.ബി യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ബി) കേരള ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ

വിവിധ പ്രദേശങ്ങളിലെ പൈപ്പ്ലൈൻ നീട്ടൽ പ്രവൃത്തികൾക്കായി വിവിധ പദ്ധതികൾ പ്രകാരം കേരള ജല അതോറിറ്റിയ്ക്ക് താഴെ പറയുന്ന തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി - കേരള ജല അതോറിറ്റി
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | നൽകിയ തുക, ഫണ്ടിനം |
|---|---|---|
| 40/19 – വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 32/28-12-18 | 515000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

മേൽ പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.12, തിയ്യതി - 26-08-2019

# 1-27 മമ്പാട് ഗ്യാസ് ക്രിമറ്റോറിയം - പ്രവൃത്തിയുടെ പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ്

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മമ്പാട് എന്ന സ്ഥലത്തെ ശ്മശാനത്തെ ഗ്യാസ് ക്രിമറ്റോറിയമാക്കി മാറ്റുന്നതിന് ജില്ലാപഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള സംയുക്ത പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 3000000 രൂപ കൈമാറിയിട്ടുണ്ട്. പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്റ്റ് നം. - 326/19

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 3000000/- (2500000 – വികസന ഫണ്ട് (ജനറൽ) + 500000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 3000000/-

ബിൽ നം., തിയ്യതി, തുക – 26/15-12-2018/2500000, 27/15-12-2018/500000

ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്ന മമ്പാട് ഗ്യാസ് ക്രിമറ്റോറിയം എന്ന പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വിഹിതം 4000000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതം 3000000 രൂപയും ചേർത്ത് ആകെ 7000000 രൂപയുടെ പദ്ധതി ജില്ലാപഞ്ചായത്താണ് നടപ്പിലാക്കുന്നത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന്റെ (നം.12, തിയ്യതി - 26-08-2019) മറുപടിയിൽ അറിയിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണ പ്രവൃത്തി 90 ശതമാനത്തിലധികം പൂർത്തീകരിച്ചിട്ടുണ്ട് എന്നാൽ മെഷിനറി സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതുമാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ പ്രൊജക്ട് പ്രകാരം ജില്ലാപഞ്ചായത്തിന്റെ 799011400002200 നമ്പർ ട്രഷറി അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്ത് നൽകിയ തുകയുടെ വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി നൽകിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പശു കുട്ടികളുടെ ആരോഗ്യ പരിപാലനത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ S0026/19 എന്ന പ്രൊജക്ടിനായി 12,50,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 3,12,500/- |
| സംസ്ഥാനാവിഷ്കൃത പരിപാടി | 3,12,500/- |
| ഗുണഭോക്തൃ വിഹിതം | 6,25,000/- |
| ആകെ അടങ്കൽ | 12,50,00/- |

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 3/18-19/21/12/2018 | 3,12,500/- |

മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനനരജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെ 50 കന്നുകുട്ടികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.ഗ്രാമപഞ്ചായത്തിൽ 2017-18ലാണ് ഈ പദ്ധതി ആദ്യമായി നടപ്പിലാക്കപ്പെട്ടിട്ടുള്ളതെന്ന് വെറ്ററിനറി സർജൻ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.പ്രസ്തുത പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായി പൊതു വിഭാഗത്തിലുൾപ്പെടുത്തി വിഭാവനം ചെയ്ത പദ്ധതിക്കുള്ള ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 3,12,500/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രൊഗ്രാമിലേക്കായി അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.
(അക്കൗണ്ട് നം.714021400000008).

ഈ പദ്ധതിക്കായി തെരഞ്ഞെടുത്ത കന്നുകുട്ടികളുടെ പ്രായം 6 മാസം മുതൽ 8 മാസം വരെയാണ്.ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 6 ക്ഷീര കർഷക സഹകരണ സംഘം മാത്രമെ നിലവിൽ പ്രവർത്തിക്കുന്നുള്ളൂ. 30 മാസം വരെയാണ് ഇവയ്ക്ക് കാലി തീറ്റ കൊടുത്ത് വരുന്നത്.ഈ കാലയളവിലുള്ള കാലി തീറ്റ വിതരണത്തിനായി 1156/- രൂപ മാത്രമാണ് സബ്സിഡിയായി നൽകി വരുന്നത്.(അന്വേഷണ നം.6 തീയതി24/08/19).

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഈ പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ടും, ധനവിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. ആയത് പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

2. നിർദ്ദിഷ്ടകാലയളവായ 30 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയായില്ലെങ്കിൽ നൽകിയ വിഹിതം തിരികെ ഈടാക്കി അടവാക്കേണ്ടതാണ്.

# 1-29 അഗതി രഹിത കേരളം പദ്ധതികൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയില്ല

അഗതിരഹിതം പദ്ധതി മാർഗ്ഗരേഖ സ.ഉ.(എം.എസ്) നം. 252/2017/തസ്വഭവ തിയ്യതി - 12-12-2017 – ലെ നിർദ്ദേശങ്ങൾ അനുസരിച്ച് അഗതിരഹിത കേരളം പദ്ധതിക്കായി ആകെ അടങ്കൽ തുകയുടെ 10% തുക ജില്ലാപഞ്ചായത്ത് വകയിരുത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് 75%, ബ്ലോക്ക് പഞ്ചായത്ത് 15% എന്നിങ്ങനെയാണ് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതങ്ങളുടെ വകയിരുത്തൽ ശതമാനം. ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം പ്രൊജക്ട് നം - 119/19 പ്രകാരം അഗതി രഹിത കേരളം - ഭവനപുനരുദ്ധാരണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ എന്നു വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.13 തിയ്യതി - 27-8-2019) മറുപടിയിൽ, "അഗതി രഹിത കേരളം പദ്ധതി തയ്യാറാക്കുന്നതിൽ അടങ്കൽ തുകയിൽ ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ലഭ്യമാക്കുന്ന നടപടി സ്വീകരിച്ചിരുന്നില്ല." എന്നാണ് അറിയിച്ചത്.

പദ്ധതി ആസൂത്രണ വേളയിൽ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അർഹതപ്പെട്ട വിഹിതം വകയിരുത്തുകയോ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തതിനാലാണ് ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വിഹിതം കൂടുതലായി വകയിരുത്തേണ്ടി വന്നത്. തുടർ വർഷങ്ങളിൽ ഇത്തരം വിഷയങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഉപസമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനായിരിക്കണം ഉപസമിതി അദ്ധ്യക്ഷൻ. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവർ ഇതിൽ അംഗങ്ങളായിരിക്കും. അത്തരത്തിൽ ഒരു സമിതി പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. സെപ്റ്റംബർ 15 – നുള്ളിൽ കൂടുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-30 അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നിർവ്വഹിച്ചിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി വിഭാവനം ചെയ്ത് അംഗീകാരം ലഭ്യമാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ നിർവ്വഹിച്ചിട്ടില്ല.

I)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0115/19 |
| പേര് | ബാഗ് നിർമ്മാണ യൂണിറ്റിന് സബ്സിഡി |
| അടങ്കൽ | 2,00,000/- |

II)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0045/19 |
| പേര് | ഡ്രൈ ക്ലീനിംഗ് യൂണിറ്റ് |
| അടങ്കൽ | 2,00,000 |

പ്രസ്തുത പദ്ധതികൾ ഉപേക്ഷിക്കുവാനുണ്ടായ സാഹചര്യത്തിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം ചുവടെ ചേർക്കുന്നു :

ഗ്രൂപ്പുകൾ സമയബന്ധിതമായി ഗ്രേഡിംഗ് നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നിർവ്വഹണം സാധ്യമായില്ല .(അന്വേഷണ നം.2 തിയ്യതി 20.08.2019)

<u>വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിലെ രേഖപ്പെടുത്തലുകൾ</u>

25/05/2019ലെ തീരുമാന പ്രകാരം 2018-19 ലെ ഈ പദ്ധതി ഭരണസമിതിയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും 2018-19 ൽ നിർവ്വഹിക്കാതെ മേൽ സൂചിത ഭരണസമിതിയുടെ 1/2 നമ്പർ തീരുമാന പ്രകാരം ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

പ്രൊജക്റ്റ് ഉപേക്ഷിക്കപ്പെട്ടതിനാൽ 2019-20ൽ കാറ്റഗറി 1 പ്രൊജക്റ്റായി (സ്പ്പിലോവർ) ഉൾപ്പെടുത്തുവാൻ സാധ്യമാവുകയില്ല. കാറ്റഗറി 2 പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ 2019-20 ലെ ബജറ്റ് വിഹിതത്തിൽ നിന്നും തുക കുറവാകുകയും ചെയ്യും.ആയതിനാൽ പദ്ധതി നിർവ്വഹണം പൂർത്തിയാവുന്നത് വരെ ഗ്രാമസഭയിലൂടെ തെരഞ്ഞെടുത്ത പദ്ധതി നിർവ്വഹണത്തിന്റെ പ്രാരംഭ ഘട്ടം മുതൽ, ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കപ്പെടുന്നത് വരെ വർക്കിംഗ് ഗ്രൂപ്പ് പദ്ധതികളുടെ നിർവ്വഹണം ഉറപ്പ് വരുത്തേണ്ടതാണ്.

ഭാവിയിൽ പദ്ധതികൾ ഉപേക്ഷിക്കപ്പെടുവാനുള്ള മേൽ സാഹചര്യങ്ങൾ ഒഴിവാക്കുകയും, ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രവർത്തികമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-31 വിവിധ പദ്ധതികളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്റ്റുകളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. പ്രൊജക്റ്റിന്റെ വിശദാംശങ്ങളും തുക നൽകിയ സ്ഥാപനത്തിന്റെ വിവരവും താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം./ പേര് | ബിൽ/ ചെക്ക് നമ്പർ | നൽകിയ തുക, ഫണ്ടിനം | സ്ഥാപനം |
|---|---|---|---|
| 15/19 – പി.എം.എ.വൈ അധിക വിഹിതം (ജനറൽ) | 15/29-08-18 | 100000, വികസന ഫണ്ട് (ജനറൽ) | ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് A/c No. 3440806 |
| 298/19 – എ.ബി.സി പ്രോഗ്രാം | 11/17-07-2018 | 350000, വികസന ഫണ്ട് (ജനറൽ) | ജില്ലാ പഞ്ചായത്ത് A/c No. 79911400002200 |

മേൽ പ്രൊജക്റ്റുകളുടെ വിനിയോഗ വിവരം പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.12, തിയ്യതി - 26-08-2019).

# 1-32 ഗ്രാമ പഞ്ചായത്തിലെ ലൈഫ് മിഷൻ - അവലോകനം

കേരളത്തിലെ എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവന നിർമ്മാണം. LIFE മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരം ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിലെ എല്ലാ ഭൂമിയുള്ള ഭവന രഹിതർക്കും 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം

നൽകുക എന്നതാണ് പ്രധാന ലക്ഷ്യം. സ്വന്തമായി ഭൂമിയുള്ളവരും, വീടിനായി ഏതെങ്കിലും സർക്കാർ ധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കളായി 2016 മാർച്ച് 31 ന് മുമ്പ് ഏതെങ്കിലും തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടേയൊ, ഇതര വകുപ്പുകളിൽ നിന്നും കരാറിൽ ഏർപ്പെടുകയോ ചെയ്ത് ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാത്തവരെയാണ് ഈ വിഭാഗത്തിൽ ഗുണഭോക്താക്കളായി പരിഗണിക്കുന്നത്.

സ.ഉ (എം.എസ്) നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. 16.3.18ലെ സർക്കാർ ഉത്തരവ് (കൈ) നം. 34/2018/തസ്വഭവ പ്രകാരം പുതിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>യൂണിറ്റ് നിരക്ക്</u>

ഭവന നിർമ്മാണത്തിന് ഗുണഭോക്താവിന് 4 ലക്ഷം രൂപയാണ് ധനസഹായം നൽകുക. പട്ടികവർഗ്ഗ ഗുണഭോകതാക്കൾക്ക് 6 ലക്ഷം വരെ നല്കാവുന്നതാണ്. അതീവ ദുർഘട പ്രദേശങ്ങളിൽ പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് 20% വരെ തുക അനുവദിക്കാവുന്നതാണ്. ഒന്നാം ഗഡു വിതരണം ചെയ്ത തിയ്യതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. 400x20% പരമാവധി 600 ചതുരശ്ര അടി തറ വിസ്തീർണ്ണമുള്ള ഭവന നിർമ്മാണമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

2018-19 വർഷത്തിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>ഗ്രാമപഞ്ചായത്തിൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ടമാണ് നിലവിൽ നടന്ന് കൊണ്ടിരിക്കുന്നത്.</u>

പ്രസ്തുത ഘട്ടത്തിന്റെ ഭാഗമായി നടത്തിയ സർവ്വെ പ്രകാരം ഭൂമിയുള്ള ഭവനരഹിതരായി താഴെ പറയുന്ന രീതിയിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുള്ളത് :

| | |
|---|---|
| ജനറൽ | 186 |
| പട്ടിക ജാതി | 10 |
| പട്ടിക വർഗ്ഗം | 01 |
| ആകെ | 197 |

ഗ്രാമപഞ്ചായത്തിൽ സ്ഥലം ഉള്ളതായ ലൈഫ് മിഷനിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ കൂടെ പിന്നീട് മറ്റ് പഞ്ചായത്തിലെ ലൈഫ് മിഷനിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളെ ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ കൂടെ സ്ഥലം വാങ്ങിയ ഭൂമിയുള്ള ഭവനരഹിതരിലേക്ക് കൂടി ഉൾപ്പെടുത്തി കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിലെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ നിലവിൽ ഗുണഭോക്താക്കളുടെ എണ്ണം താഴെ പറയുന്ന പ്രകാരമാണ് :

| | |
|---|---:|
| ജനറൽ | 197 |
| പട്ടികജാതി | 10 |
| ആകെ | 207 |

പട്ടികവർഗ്ഗത്തിലുൾപ്പെട്ട ഒരു ഗുണഭോക്താവിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തിയ ഫീൽഡ് സർവ്വേയിൽ വാസയോഗ്യമായ ഭവനമുണ്ടെന്ന് വ്യക്തമായതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കി.
ഇവയിൽ കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ ജനറൽ വിഭാഗത്തിൽ 172 എണ്ണവും, പട്ടിക ജാതിയിൽ 7 എണ്ണവും കരാറിൽ ഏർപ്പെടാൻ ബാക്കിയുള്ളവർ 89 എണ്ണവും ആണ്. (ആകെ 207)

ഇവയിൽ കുടുബശ്രീ സർവ്വേ നടത്തുമ്പോൾ വീടില്ലാതേയിരിക്കുകയും, കരാറിലേർപ്പെടുന്ന വേളയിൽ V.E.O നടത്തിയ ഫീൽഡ് പരിശോധനയിൽ 12 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തിയാക്കിയതായും അറിഞ്ഞിട്ടുണ്ട്.

ഭവനരഹിതരായിട്ടും, 25 സെന്റിന് മുകളിൽ സ്ഥലമുള്ള കാരണത്താൽ 3 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടിട്ടുമില്ല.അർഹതയില്ലാത്ത ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുവാനായി ഭരണസമിതി തീരുമാനം എടുക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുമുണ്ട്.

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (10/19)- ജനറൽ</u>

<u>നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ</u>

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 6000000 | 6000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2790000 | 2400000 |
| ജില്ലാ പഞ്ചായത്ത് | 138822 | 1380000 |
| മറ്റിനം | 61421178 | 2367000 |
| ആകെ | 70350000 | 12147000 |

സർക്കുലർ നം. 235/ഡി.ബി1/2019/തസ്വഭവ തീയതി 16.7.19 പ്രകാരം 600 ച.അടി വരെ തറ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.
വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| 1 | 94 | 40,000 | 37,60,000 |
| 1 | 1 | 30,000 | 30,000 |
| 2 | 158 | 1,60,000 | 2,52,80,000 |
| 3 | 32 | 1,00,000 | 32,00,000 |
| 3 | 18 | 60,000 | 10,80,000 |
| 3 | 2 | 50,000 | 1,00,000 |

ജനറൽ വിഭാഗത്തിൽ ആകെ ചിലവഴിച്ചത് - 3,34,50,000

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( 227/19)-എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് (എസ്.സി.പി) | 54,000 | 54,000 |
| ബ്ലോക്ക് പഞ്ചായത്ത് | 4,50,000 | 4,50,000 |
| ടി.എസ്.പി | 96,000 | 96,000 |
| ആകെ | 6,00,000 | 6,00,000 |

പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ട ഒരു എസ്.ടി. ഗുണഭോക്താവ് മാത്രമേ ഭവന നിർമ്മാണം പൂർത്തീകരിക്കുവാനുണ്ടായിരുന്നുള്ളൂ.6,00,000/- രൂപയുടെ എസ്റ്റിമേറ്റ് നൽകിയതിനെ തുടർന്ന് -ടി- ഗുണഭോക്താവ് വീട് പണി പൂർത്തിയാക്കുകയും 6,00,000/- രൂപ 3 ഗഡുക്കളായി -ടിയാന്- നൽകുകയും ചെയ്തു.

c) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( SO11/19)-(പട്ടികജാതി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് (എസ്.സി.പി) | 16,00,0000 | 6,20,000 |
| ആകെ | 16,00,0000 | 6,20,000 |

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| 1 | 1 | 40,000 | 40,000 |
| 2 | 3 | 1,60,000 | 4,80,000 |
| 3 | 1 | 1,00,000 | 1,00,000 |

പദ്ധതി ബാക്കി സ്പിലോവറായി തുടർന്ന് വരുന്നു.

d) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( SO284/19)-(ജനറൽ)

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് (എസ്.സി.പി) | 28,00,000 | 28,00,000 |
| | | |

| | | |
|---|---|---|
| ആകെ | 28,00,000 | 28,00,000 |

| ഗഡു | ഉണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| 1 | 70 | 40,000 | 28,00,000 |

ഗഡുക്കൾ നല്കിയതിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണത്തിന്റെ സ്റ്റേജ് പൂർത്തിയാക്കിയിട്ടുണ്ട്.

<u>ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം</u>

2018-19 ൽ 2,36,72,240രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്.

വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.പ്രസ്തുത വിഹിതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.ആയതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സംഭാവന സ്വീകരിക്കൽ

പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ എന്നിവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവന നിധിയിലേക്ക് സംഭാവനയായി ഗ്രാമപഞ്ചായത്തിന് ശേഖരിക്കാവുന്നതാണ്.

പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി അനുവദിക്കുന്ന സർക്കാർ ധനസഹായം മതിയാകാത്ത സാഹചര്യങ്ങളിൽ മേൽ സ്രോതസ്സുകളിലൂടെ ധനസമാഹരണം നടത്തുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

2)മോണിറ്ററിംഗ്

1. ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണത്തിന്റെ പൂർണ്ണമായ മേൽ നോട്ടം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. നോഡൽ ഓഫീസറായി അസ്സിസ്റ്റന്റ് സെക്രട്ടറിയെ നിയോഗിക്കാവുന്നതാണ്.
2. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട് ലഭ്യമാവുന്ന മുറയ്ക്ക് ധന സഹായം അനുവദിക്കാവുന്നതാണ്.ഇത്തരത്തിലുള്ള സ്റ്റേജ് റിപ്പോർട്ട് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറാവുന്നതാണ്.
3. ഭവന നിർമ്മാണത്തിന്റെ ആരംഭം മുതൽ മൊബൈൽ അപ്ലിക്കേഷനിലൂടെ ജിയോ ടാഗിംഗ് നടത്തി, അന്തിമ ഗഡു നൽകുമ്പോഴും ഗുണഭോക്താവിനെ വീടിന് മുമ്പിൽ നിർത്തി മൊബൈലിലൂടെ ഫോട്ടോകൾ പ്രസ്തുത ടാഗ്ഗിംങ്ങ് നടത്തേണ്ടതാണ്.

മേൽ പ്രതിപാദിച്ച രീതിയിലുള്ള മോണിറ്ററിംഗ് ഘടകങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

3. സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ മാർഗ്ഗരേഖയ്ക്കനുസരിച്ചും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

 തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-33 ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - അവലോകനം

ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ MGNREGS മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം താഴെ ചേർക്കുന്നു.

ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 സാമ്പത്തികവർഷത്തിൽ 332 തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ആകെ 2244പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്കുതന്നെ തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തിക വർഷം ആകെ 124172 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ആയതിന് തൊഴിലാളികളുടെ കൂലി ഇനത്തിൽ 34488199 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി 34178099/-, വിദഗ്ദ്ധ തൊഴിലാളികളുടെ കലി 108600/-). കൂടാതെ മെറ്റീരിയൽ ഇനത്തിൽ 201500 രൂപയും ജീവനക്കാർക്കുള്ള ശമ്പളവും മറ്റുമായി 671317 രൂപയുമടക്കം സാമ്പത്തികവർഷത്തെ ആകെ ചെലവ് 35159516 രൂപയാണ്. ഷെൽ ഓഫ് പ്രൊജക്ട് പ്രകാരം സാമ്പത്തികവർഷത്തിൽ 677 പ്രൊജക്ടുകളിലായി 88568000 രൂപ വകയിരുത്തിയതിൽ 288 പ്രവൃത്തികളിലായി 34488199 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ആയതിൽ 272 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമാക്കിയിട്ടുണ്ട്.

നടപ്പിലാക്കിയ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തികളുടെ തരം | എണ്ണം |
|---|---|
| ഡ്രൈനേജ് | 23 |
| തോടുകൾ | 33 |
| കിണർ | 4 |
| കനാൽ | 35 |
| തടയണ | 0 |
| ഭൂവികസനം | 37 |
| ഭവന നിർമ്മാണം | 142 |
| റോഡ് നിർമ്മാണം | 6 |
| കുളങ്ങൾ | 8 |

| | |
|---|---|
| ആകെ | 255 |

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. കാർഷിക പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്
2. തൊടികളിലും പൊതുസ്ഥലങ്ങളിലും മഴവെള്ളം ഭൂമിയിലേയ്ക്ക് കിനിഞ്ഞിറങ്ങുന്നതിന് മഴക്കുഴികളും, കിണർ റീചാർജിംഗും സമാനമായ നിർമ്മിതികളും ഒരുക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.
3. മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവൽക്കരണ പ്രവൃത്തികൾ എന്നിവ സാധ്യതയ്ക്ക് അനുസരിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്താവുന്നതാണ്.
4. വാർഷിക കർമ്മ പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കുന്നതിനായി കുടുംബശ്രീ അയൽക്കൂട്ടതലചർച്ച, കൂടൽ എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കി ആവശ്യകതയ്ക്ക് അനുസൃതമായി എല്ലാ വിഭാഗങ്ങളിലുള്ള പ്രവൃത്തികളും ഏറ്റെടുക്കേണ്ടതാണ്.
5. തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും, കാലോചിതമായി പ്രവൃത്തികൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
6. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നവരുടെ പ്രത്യക ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.15, തിയ്യതി - 29-08-2019)

# 1-34 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 87421/- രൂപയുടെ നഷ്ടം

2017-18 വർഷം എഗ്രിമെന്റ് വച്ച് പ്രവൃത്തി പൂർത്തിയാക്കിയശേഷം സ്പിൽ ഓവർ ആയി 2018-19 വർഷത്തിൽ ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളതുമായ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടിതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 87421രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗിച്ച ബിറ്റുമിന്റെ | ss1 | rs1 | s-65/vg30 |
|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| ബാരൽ അളവ് | (200kg/barrel) | (182kg/barrel) | (156kg/barrel) |

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | ഫൈനൽ ബിൽ തുക, ചെലവിന്റെ വിവരം | ഉപയോഗിച്ച ബിറ്റുമിന്റെ തരം, അളവ്(in kg) | കാലി ബാരലുകളുടെ എണ്ണം | ആകെ | ഈടാക്കേണ്ട ബാരൽ വില @281/- (238+18% GST) |
|---|---|---|---|---|---|---|---|
| 1 | 257/19-(211/18)വക്കാല-ചുരക്കോട് റോഡ് മെറ്റലിംങ്, ടാറിംഗ് | ശ്രീ പി.എ. മോഹൻദാസ് | 350000<br>ബിൽനം.119/ 28.03.18 | Ss1= 259.92<br>rs1= 83.93<br>vg30=643.92 | 1.3<br>0.4<br>4.1 | 5.7 | 1602 |
| 2 | 260/19-(237/18കുളമുള്ളി ശ്മശാനം കനാൽബണ്ട് റോഡ് മെറ്റലിംങ്, ടാറിംഗ് | ശ്രീ പി.എ. മോഹൻദാസ് | 400000<br>ബിൽനം. 5/18-19 തിയതി 15.05.18 | Ss1= 308.21<br>rs1= 100.80<br>vg30=765.08 | 1.5<br>0.5<br>4.9 | 6.9 | 1939 |
| 3. | 296/19-(148/18)കരുമനശ്ശേരി വടക്കേത്തറ റോഡ് | ശ്രീ സി.കെ. ശ്രീകുമാർ | 615544<br>ബിൽനം. 07/18-19 തിയതി 28.06.18 | Ss1= 1490.48<br>rs1= 482.21<br>vg30=3699.89 | 7.4<br>2.6<br>23.7 | 33.7 | 9470 |
| 4 | 246/19-(160/18) മലയംകുളമ്പ് റോഡ് മെറ്റലിംങ്, ടാറിംഗ് | ശ്രീ പി.എ. മോഹൻദാസ് | 791888<br>ബിൽനം .18/18-19 തിയതി 28.06.18 | Ss1= 1196.91<br>rs1= 371.06<br>vg30=2847.02 | 6<br>2<br>18 | 26 | 7306 |
| 5 | 243/19-(165/18) കുട്ടപ്പുര വടക്കേത്തറ റോഡ് മെറ്റലിംങ്, ടാറിംഗ് | ശ്രീ. സി.കെ. ശ്രീകുമാർ | 484951<br>ബിൽനം. 20/18-19 തിയതി 28.06.18 | Ss1= 675.54<br>rs1= 218.56<br>vg30=1176.92 | 3.3<br>1.2<br>7.5 | 12 | 3372 |
| 6 | 273/19-(00/18) കൊട്ടമ്പാല പട്ടിക്കൽകുളമ്പ് കോളനി റോഡ് മെറ്റലിംങ്, ടാറിംഗ് | ശ്രീ. വി.കെ. ശെൽവൻ | 300000<br>ബിൽനം. 25/18-19 തിയതി 28.06.18 | Ss1= 421.07<br>rs1= 136.23<br>vg30=1045.25 | 2.1<br>0.7<br>6.7 | 9.5 | 2670 |
| 7 | 243/19-(172/18) മാവ മാര്യപ്പാടം റോഡ് മെറ്റലിംങ്, ടാറിംഗ് | ശ്രീ. ഗോപീ ദാസൻ | 598905<br>ബിൽനം .23/18-19 തിയതി 28.06.18 | Ss1=800.70<br>rs1= 289.05<br>vg30=1987.62 | 4<br>1.6<br>12.7 | 18.3 | 5142 |
| 8 | 251/19-(174/18) ഞൊണ്ടുകുളമ്പ്-ചുണ്ണാമ്പുക്കാരൻകുളമ്പ്-പുത്തൻകുളമ്പ് റോഡ് പുനരുദ്ധാരണം | ശ്രീ. എസ്. ജിതേഷ് | 961876<br>ബിൽനം. 27/18-19 തിയതി 28.06.18 | Ss1=1275<br>rs1= 412.50<br>vg30=3165 | 6.3<br>2.2<br>20.2 | 28.7 | 8065 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | 274/19-(00/18) ചേറാമ്പാടം കണ്ണംകുളം റോഡ് പുനരുദ്ധാരണം | ശ്രീ. എസ്. ജിതേഷ് | 200000<br>ബിൽനം. 26/18-19 തിയതി 28.06.18 | Ss1=165<br>rs1= 340.96<br>vg30=1266 | 0.8<br>1.8<br>8.1 | 10.7 | 3007 |
| 10 | 248/19-(165/18) കൊട്ടേക്കുളം കൊട്ടടി റോഡ് റീ- ടാറിംഗ് | ശ്രീ. യേശുദാസൻ | 460000<br>ബിൽനം. 28/18-19 തിയതി 14.08.18 | Ss1=392.70<br>rs1= 682.48<br>vg30=3013.08 | 1.9<br>3.7<br>19.3 | 24.9 | 6997 |
| 11 | 252/19-(178/18) ഒറവത്തൂർ മേലെ ഒറവത്തൂർറോഡ് മെറ്റലിംങ്, ടാറിംഗ് | ശ്രീ. യേശുദാസൻ | 684931<br>ബിൽനം. 23/18-19 തിയതി 28.06.18 | Ss1=963.18<br>rs1= 311.62<br>vg30=2390.95 | 4.8<br>1.7<br>15.3 | 21.8 | 6126 |
| 12 | 244/19-(157/18) മമ്പാട്തറ-പാറക്കുഴി റോഡ് പുനരുദ്ധാരണം | ശ്രീ. എസ്.ജിതേഷ് | 611733<br>ബിൽനം. 11/18-19 തിയതി 28.06.18 | Ss1=547.87<br>rs1= 177.25<br>vg30=1360 | 2.7<br>0.9<br>8.7 | 12.3 | 3456 |
| 13 | 254/19-(195/18) കാരപ്പാടം അങ്കണവാടി റോഡ് മെറ്റലിംങ്, ടാറിംഗ് | ശ്രീ. സി.കെ. ശ്രീകുമാർ | 400000<br>ബിൽനം. 12/18-19 തിയതി 28.06.18 | Ss1=229.50<br>rs1= 239.25<br>vg30=2143.76 | 1.1<br>1.3<br>13.7 | 16.1 | 4524 |
| 14 | 253/19-(182/18) മുപ്പാല റോഡ് പുനരുദ്ധാരണം | ശ്രീ. വി.കെ. ശെൽവൻ | 574689<br>ബിൽനം. 13/18-19 തിയതി 28.06.18 | Ss1=127.50<br>rs1= 457.88<br>vg30=4245.89 | 0.6<br>2.5<br>27.2 | 30.3 | 8514 |
| 15 | 245/19-(159/18) ആലിൻചുവട്-പൊട്ടൻകുഴി-കുന്നങ്കാട് റോഡ് മെറ്റലിംങ്, ടാറിംഗ് | ശ്രീ. ഗോപീ ദാസൻ | 1083958<br>ബിൽനം. 16/18-19 തിയതി 28.06.18 | Ss1=1525.25<br>rs1= 493.46<br>vg30=3786.18 | 7.6<br>2.7<br>24.2 | 34.5 | 9695 |
| 16 | 249/19-(167/18) കറ്റങ്കോട് സ്നേഹഗിരി-പള്ളി ശ്മശാനം റോഡ് പുനരുദ്ധാരണം | ശ്രീ. ഗോപീ ദാസൻ | 778801<br>ബിൽനം. 9/18-19 തിയതി 28.06.18 | Ss1=1655.35<br>rs1= 212.03<br>vg30=1626.81 | 8.2<br>1.1<br>10.4 | 19.7 | 5536 |
| | ആകെ | | | | | | 87421 |

നഷ്ടമായ തുക കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

ഭാഗം – 2

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

- പരാമർശങ്ങൾ ഒന്നുമില്ല-

ഭാഗം – 3

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

- പരാമർശങ്ങൾ ഒന്നുമില്ല-

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08-07-2019 മുതൽ 09-07-2019 വരെ | |

# 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 1388822 | ലൈഫ് മിഷൻ ഭവന നിർമ്മാണം - ജനറൽ – 10/19 | 1380000 | 8822 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 250000 | ക്ഷീര കർഷ കർക്ക് പാലിന് സബ്സിഡി നൽകൽ - 24/19 | 250000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് - 37/19 | 100000 | 0 |
| | 2018-19 | 1516550 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി - സമൃദ്ധി - 56/19 | 1516550 | 0 |
| ആകെ ജില്ലാപഞ്ചായത്ത് വിഹിതം | | 3255372 | | 3246550 | 8822 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 8558 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ | 0 | 8558 |
| | 2017-18 | 5000 | യോഗ പരിശീലനം | 0 | 5000 |
| | 2017-18 | 200000 | ഭൂമി വാങ്ങൽ- ജനറൽ | 0 | 200000 |
| | 2017-18 | 400000 | ഭൂമി വാങ്ങൽ- എസ്.സി | 0 | 400000 |
| | 2017-18 | 450000 | ഭവനനിർമ്മാണ പൂർത്തീകരിക്കൽ - പട്ടിക വർഗ്ഗ വിഭാഗം (ലൈഫ് മിഷൻ) 227/19 | 450000 | 0 |
| | 2018-19 | 1225000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി - സമൃദ്ധി - 56/19 | 1225000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 290551 | അങ്കണവാടി - അനുപൂരക പോഷകാഹാരം 32/19 | 290551 | 0 |
| | 2018-19 | 100000 | അഗതിരഹിത കേരളം - ഭവന പുനരുദ്ധാരണം - 119/19 | 100000 | 0 |
| | 2018-19 | 2401890 | ലൈഫ് മിഷൻ ഭവന നിർമ്മാണം - ജനറൽ - 10/19 | 2400000 | 1890 |
| | 2018-19 | 617000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ - 24/19 | 617000 | 0 |
| | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - 37/19 | 100000 | 0 |
| ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | 5184441 | | 5182551 | 1890 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 58/19 – വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 32/ 28-12-18 | 515000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 515000 |
| | | | | | 200000 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 40/19 - തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 8/ 30-06-2018 | 200000, സംരക്ഷണ ഗ്രാന്റ് - റോഡിതരം | | |
| | | 271006/ 03-07-2018 | 25144, തനത് ഫണ്ട് | | 25144 |
| | 233/19 – വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ | 6/ 27-6-2018 | 358020, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 358020 |
| | | 271011/ 26-07-2018 | 23450, തനത് ഫണ്ട് | | 23450 |
| കെ.എസ്. ഇ.ബി | 327/19 പട്ടികവർഗ്ഗ കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 13/28.3.19 | ടി.എസ്.പി | -- | 163844 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകകളൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| E M S Loan | 957/10 lsgd | 30018000 | 4634772 | 2404452 | - | 2230320 |

| | | | | | | |
|---|---|---|---|---|---|---|
| | 20.03.2010 | | | | | |
| ഹഡ്കോ ലോൺ – ലൈഫ് പദ്ധതി | – | 23672240 | – | – | – | 23672240 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2006-07 | 2009-10 | 3-7.5(1) | പിട്ടുക്കാരികുളമ്പ് ജലസംഭരണം-ഭൗതികലക്ഷ്യം കൈവരിച്ചില്ല | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |
| 2006-07 | 2009-10 | 3-8.10(1) | ഭവന നിർമ്മാണ പദ്ധതി-860000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 168073252 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 146647459 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 87421 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഒന്നുമില്ല-

ഭാഗം.1-ൽ ഉൾപ്പെട്ടിട്ടുളള ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 87421 | ശ്രീ.ബിനേഷ്. എം., അസി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
-ഒന്നുമില്ല-

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.ബിനേഷ് എം<br><br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | ഓരത്ത് പള്ളിയാലിൽ(H) പെരുംമ്പലം, കുമ്പിടി, പാലക്കാട്-679553 |
| ശ്രീ. മുനാവർ അബ്ദുൾ ഹമീദ്- അസി.സെക്രട്ടറി | - | വീട് നം 11/706 ബിഷപ്പ് ഗാർഡൻ, ഫോർട്ട് കൊച്ചി-680001 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1997-98 | LFP.10/432/09/17-5-10 | 8 |
| 1998-99 | LFP.10/794/10/27.01.11 | 5 |
| 1999-2000 | LFP.10/795/10/27.01.11 | 3 |
| 2000-01 | LFP.10/823/10/04.05.11 | 8 |
| 2001-02 | LFP.10/922/10/18.05.11 | 8 |
| 2002-03 | LFP.10/796/10/18.01.11 | 5 |
| 2003-04 | LFP.10/797/10/18.01.11 | 5 |
| 2004-05 | LFP.10/799/10/18.01.11 | 1 |
| 2005-06 | LFP.10/800/10/11.01.11 | 3 |
| 2006-07 | LFP.10/801/10/05.02.11 | 2 |
| 2007-08 | LFP.10/1942/12/04.12.12 | 8 |
| 2008-09 | LFP.10/1801(1)/12/21.01.13 | 6 |
| 2009-10, | LF.P10.1267/14/8.8.14 | 4 |

| | | |
|---|---|---|
| 2010-11 | | |
| 2011-12 | LF.P10.1992/14/4.12.14 | 10 |
| 2012-13, 2013-14, 2014-15 | LF.P10.1992/14/4.12.14 | 13 |
| 2015-16 | KSA.PKD.10/2301//16/28.12.2016 | 6 |
| 2016-17 | KSA.PKD.10/1493/17/16.9.2017 | 2 |
| 2017-18 | KSA.PKD.10/158/19/20.2.2019 | 24 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# <u>അനുബന്ധം-1 സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-പി.കെ.ഡി 21/997/2019(25)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 31-3-2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2. വാല്യു ബേസ്ഡ് സ്റ്റോക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. പി.ഡി.സി ബാങ്ക് പാസ്സ്ബുക്കിലെ നീക്കിയിരുപ്പും റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് നീക്കിയിരുപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4. വസ്തു നികുതി: സഞ്ചയ സോഫ്റ്റ്‌വെയറിലേയും സാംഖ്യയിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-21/997/2019(25)

Kerala State Audit Department

District Audit Office

Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of Kizhakkenchery Gramapanchayat in Palakkad District for the year ending 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion, the Financial Statement of Kizhakkenchery Gramapanchayat for the year 2018-19 subject to the observations in the Annexure, properly represents the picture of income, expenditure and closing balance.

Deputy Director

## Abstract of defects/discrepancies

1. Sachithra software not linked with Sankhya. Hence correctness of asset value recorded in the AFS could not be verified.
2. Value based stock register not maintained.
3. PDC Bank - closing balance figure in bank pass book is not in agreement with that in reconciliation statement.
4. The amount of property tax as shown in the AFS are not in agreement with Sanchaya

Deputy Director

# അനുബന്ധം -2 പത്രികകളുടെ സംക്ഷിപ്തം

Kizhakkanchery Grama Panchayat

RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7984532.00 |
| Cash | Cash | RP-40(a) | 81012.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1041440.00 |
| 140000000 | Fees & User Charges | RP-4 | 449939.00 |
| 150000000 | Sale & Hire Charges | RP-5 | 702504.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 103909897.00 |
| 171000000 | Interest Earned | RP-9 | 23975.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 15023832.00 |
| 340000000 | Deposits Received | RP-34 | 1500.00 |
| 350000000 | Other Liabilities | RP-36 | 280032.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 156315.00 |
| 330000000 | Secured Loans | RP-32 | 23672240.00 |
| 340000000 | Deposits Received | RP-34 | 223261.00 |
| 350000000 | Other Liabilities | RP-36 | 327764.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 21517736.00 |
| 460000000 | Loans, Advances and Deposits | RP-47 | 742817.00 |
| | Grand total | | 176138796.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3991697.00 |
| 220000000 | Administrative Expenses | RP-12 | 5715574.00 |
| 230000000 | Operations & Maintenance | RP-13 | 3420695.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 11969832.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 50768492.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 6609537.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 48000.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 243600.00 |
| | | | |
| 255000000 | Maintenance Projects | RP-20 | 18609314.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 14250.00 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 300000.00 |
| 280000000 | Prior Period item | RP-26 | -412.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 104039.00 |
| 350000000 | Other Liabilities | RP-36 | 5623306.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 64074.00 |
| 280000000 | Prior Period Item | RP-26 | -47010.00 |
| 330000000 | Secured Loans | RP-32 | 2404452.00 |
| 340000000 | Deposits Received | RP-34 | 111735.00 |
| 350000000 | Other Liabilities | RP-36 | 2145273.00 |
| 410000000 | Fixed Assets | RP-38 | 32825271.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1725740.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 29477480.00 |
| Cash | Cash | RP-40(b) | 13857.00 |
| | Grand Total | | 176138796.00 |

INCOME & EXPENDITURE STATEMENT

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4396355.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 500.00 |
| 140000000 | Fee & User Charges | I-4(b) | 561589.00 |
| 150000000 | Sale & Hire Charges | I-5(b) | 702504.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 239269260.00 |
| 171000000 | Interest Earned | I-8 | 23975.00 |
| 180000000 | Other Income | I-9 | 156315.00 |
| | Total Income | | 245110498.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11216267.00 |
| 220000000 | Administrative Expenses | I-11(b) | 5715574.00 |
| 230000000 | Operations & Maintenance | I-12(b) | 3917846.00 |
| 240000000 | Interest & Finance Charges | I-13 | 64074.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12061632.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 85169691.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6609537.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2452452.00 |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 73222900.00 |

| | | | |
|---|---|---|---|
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 18609314.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 14250.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 300000.00 |
| 272000000 | Depreciation | I-17(a) | 13512383.00 |
| | Total Expenditure | | 232865920.00 |
| | Gross Surplus/ Deficit of income over Expenditure | | 12244578.00 |
| 280000000 | Prior Period Item | I-18 | 568694.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 11675884.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

BALANCE SHEET

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 76181244.86 |
| 312000000 | Reserves | B-3 | 89205187.00 |
| | Total Reserve & Surplus | | 165386431.86 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6072185.00 |
| | Total Grants, Contributions for Specific Purposes | | 6072185.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 25902560.00 |
| | Total Loans | | 25902560.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 584762.00 |
| 350000000 | Other Liabilities | B-9 | 1052938.50 |
| | Total Current Liabilities and Provisions | | 1637700.50 |
| | TOTAL LIABILITIES | | 198998877.36 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 155047178.36 |
| 411000000 | Accumulated Depreciation | B-11 | -17865406.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 137181772.36 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 63423.00 |
| 440000000 | Pre-paid Expenses | B-16 | 25900320.00 |
| 450000000 | Cash and Bank Balance | B-17 | 29491337.00 |
| 460000000 | Loans, Advances and Deposits | B-18 | 6362025.00 |
| | Total Current Assets, Loans and Advances | | 61817105.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 198998877.36 |